**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം- കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ജോയിന്റ് സെക്രട്ടറി(പഞ്ചായത്ത്), ശ്രീ. ഈപ്പൻ ഫ്രാൻസിസിനെ പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായി നിയമിച്ചും ഇൻഫർമേഷൻ കേരള മിഷനിൽ ഗ്രൂപ്പ് ഡയറക്ടറായ ശ്രീ. എം.പി. അജിത്കുമാറിനെയും പഞ്ചായത്ത് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറായ ശ്രീമതി. എസ്. ലതയെയും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർമാരായി തരംതാഴ്ത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇപിബി)വകുപ്പ്

സ.ഉ.(സാധാ)നം. 1841/2016/തസ്വഭവ            തീയതി, തിരുവനന്തപുരം, 03/06/2016.

---

പരാമർശം:- 1. സ.ഉ(സാധാ)നം. 2746/2011/തസ്വഭവ തീയതി 22/11/2011.

2. സ.ഉ(സാധാ)നം.155/2013/തസ്വഭവ തീയതി 21/01/2013.

3. സ.ഉ(സാധാ)നം. 1055/2015/തസ്വഭവ തീയതി 06/04/2015.

4. പഞ്ചായത്ത് ഡയറക്ടറുടെ 30/05/2016-ലെ ഇ 11-16567/2016 നമ്പർ കത്ത്.

## ഉത്തരവ്

പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറും അന്യത്ര സേവനവ്യവസ്ഥയിൽ കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ജോയിന്റ് സെക്രട്ടറി(പഞ്ചായത്ത്)ആയി പ്രവർത്തിച്ചുവരികയും ചെയ്യുന്ന ശ്രീ. ഈപ്പൻ ഫ്രാൻസിസിനെ പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായി നിയമിച്ച് ഉത്തരവാകണമെന്ന് പരാമർശം കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തു.

പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറുടെ ഒരു തസ്തികയാണ് നിലവിലുള്ളത്. ഈ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ഈപ്പൻ ഫ്രാൻസിസിനെ പരാമർശം(1) ഉത്തരവുപ്രകാരം കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ജോയിന്റ് സെക്രട്ടറി(പഞ്ചായത്ത്)ആയി മാറ്റി നിയമിച്ചു. തുടർന്ന് ടി തസ്തികയിൽ ഉണ്ടായ ഒഴിവിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ, ശ്രീ. എം.പി. അജിത്കുമാറിനെ അഡീഷണൽ ഡയറക്ടറായി പരാമർശം(2) പ്രകാരം ഉദ്യോഗയറ്റം നൽകി ഇൻഫർമേഷൻ കേരളമിഷനിൽ ഗ്രൂപ്പ് ഡയറക്ടറായി മാറ്റിനിയമിക്കുകയും തുടർന്നുണ്ടായ ഒഴിവിൽ ശ്രീമതി. എസ്. ലതയെ അഡീഷണൽ ഡയറക്ടറായി പരാമർശം(3) പ്രകാരം ഉദ്യോഗയറ്റം നൽകി ഫുൾടൈം ചീഫ് രജിസ്ട്രാറുടെ ചുമതലയുള്ള അഡീഷണൽ ഡയറക്ടറായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിയമിക്കുകയും ചെയ്തു. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ജോയിന്റ് സെക്രട്ടറി(പഞ്ചായത്ത്)ആയി പ്രവർത്തിച്ചുവരുന്ന ശ്രീ. ഈപ്പൻ ഫ്രാൻസിസിനെ പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായി നിയമിച്ച് ഉത്തരവാകണമെന്ന പരാമർശം(4)ലെ പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ പരിഗണിക്കുമ്പോൾ ഇതേ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എം.പി. അജിത്കുമാറിനെയും ശ്രീമതി. എസ്. ലതയെയും റിവർട്ട് ചെയ്യേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഈപ്പൻ ഫ്രാൻസിസിനെ പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായി നിയമിച്ചും, ഇൻഫർമേഷൻ കേരളമിഷനിൽ ഗ്രൂപ്പ് ഡയറക്ടറായി പ്രവർത്തിക്കുന്ന ശ്രീ. എം.പി. അജിത്കുമാറിനെ ജോയിന്റ് ഡയറക്ടറായി തരംതാഴ്ത്തി ഇൻഫർമേഷൻ കേരള മിഷനിൽ ഗ്രൂപ്പ് ഡയറക്ടറായി തുടരാൻ അനുവദിച്ചും പഞ്ചായത്ത് ഡയറക്ടറേറ്റിൽ ചീഫ് രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന അഡീഷണൽ ഡയറക്ടർ, ശ്രീമതി. എസ്. ലതയെ ജോയിന്റ് ഡയറക്ടറായി തരംതാഴ്ത്തി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ജോയിന്റ് സെക്രട്ടറി(പഞ്ചായത്ത്) ആയി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
രത്നമ്മ. വി,
ജോയിന്റ് സെക്രട്ടറി

ശ്രീ. ഈപ്പൻ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി(പഞ്ചായത്ത്), കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
ശ്രീ. എം.പി. അജിത്കുമാർ, ഗ്രൂപ്പ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ശ്രീമതി. എസ്. ലത, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ